# തൂലിക

Newsletter of
Jesus Youth
Dubai

Issue 541
09 November 2018
www.thoolikaa.net



## പരസ്പര സ്നേഹത്താൽ ക്രിസ്തുനാഥന്റെ ശിഷ്യത്വത്തിലേയ്ക്ക് വളരാം...

പേജ്... 4

''മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം.
എന്നാൽ, എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല;
എന്റെ സമാധാന ഉടമ്പടിക്കു മാറ്റം വരുകയുമില്ല.''

ഏശ. 54:10

ലക്കം 541
2018 നവംബർ 09

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net



ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| കാർട്ടൂൺ | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത ഒരു വചനം | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| വാർത്ത | 09 |
| അറിയിപ്പുകൾ | 10 |


## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ | ഷോൺ 055 7135314 |
| സിറ്റി | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ | ജോർമ്മി 052 9783044 |
| ഒയാസിസ് | വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

"അവിശ്വാസികളാണ് ഏറ്റവും എളുപ്പത്തിൽ വിശ്വസിക്കുന്നവർ".

ബ്ലെയ്സ് പാസ്കൽ (1588-1651)

# നിറയാം ആത്മാവാൽ...
# പകരാം സ്നേഹസുഗന്ധം...

ഭിന്നശേഷിയുള്ള കുട്ടികളുടെ കായികമത്സരം സ്കൂളിൽ അരങ്ങേറുകയാണ്. അടുത്ത ഇനമായ ഓട്ടമത്സരത്തിനായി കുട്ടികൾ തയ്യാറായിക്കഴിഞ്ഞു. കുട്ടികളെ പ്രോത്സാഹിപ്പിക്കുവാനായി അവരുടെ പ്രിയപ്പെട്ട അധ്യാപിക ഫിനിഷിങ് പോയിന്റിൽ കാത്തുനില്പുണ്ട്. മത്സരം തുടങ്ങിയപ്പോൾ കുരുന്നുകൾ തങ്ങളുടെ വിഷമതകൾ മറന്നുകൊണ്ട് ആവേശത്തോടെ ഓടുകയാണ്. ലക്ഷ്യത്തിലേക്കെത്താൻ കുറച്ചു ദൂരം മാത്രം ഉള്ളപ്പോഴാണ് പെട്ടെന്ന് കൂട്ടത്തിൽ ആദ്യമെത്തിയവന്റെ കണ്ണുകൾ പുറകിലേക്ക് പാഞ്ഞത്. തന്റെ കൂടെ ഓടിയിരുന്ന പ്രിയപ്പെട്ട കൂട്ടുകാരൻ പാതിവഴിയിൽ വീണുകിടക്കുന്നതു കണ്ടപ്പോൾ അവന്റെ കുരുന്നുഹൃദയം വിങ്ങിപ്പൊട്ടി. ഉടൻതന്നെ മറ്റെല്ലാം മറന്ന് അവൻ പുറകിലേക്ക് കുതിച്ചു. ചുറ്റും കൂടിയിരിക്കുന്ന അനേകരുടെ കണ്ണുകൾ നിറഞ്ഞുകവിയുന്നതിനിടയിൽ അവനും മറ്റു കുട്ടികളും വീണുകിടക്കുന്ന തങ്ങളുടെ കൂട്ടുകാരനെയും താങ്ങിയെടുത്തുകൊണ്ട് ഫിനിഷിങ് പോയിന്റിൽ എത്തിച്ചേർന്നു.

പ്രിയപ്പെട്ടവരേ, ഇന്ന് നാം ഉൾപ്പെടുന്ന സമൂഹവും ഓട്ടത്തിലാണ്... വിലപ്പെട്ട പലതും നേടിയെടുക്കാനുള്ള വ്യഗ്രതയിൽ കൂടെ ഓടുന്നവരെ പലപ്പോഴും ഇന്ന് ലോകം മറന്നുപോകുന്നു. സ്വന്തം നേട്ടം മാത്രം ലക്ഷ്യമാക്കി നീങ്ങുന്ന അനേകർക്കിടയിൽ ഇന്ന് നാമൊക്കെയും ജെറുസലേമിൽനിന്നും ജെറീക്കോയിലേക്കുള്ള ഒരു യാത്രാദൂരം പിന്നിടേണ്ടിയിരിക്കുന്നു. ആ യാത്രക്കിടയിൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് നമ്മുടെ കരുണയുള്ള സ്നേഹവും പ്രതീക്ഷിച്ചുകഴിയുന്ന സഹോദരങ്ങളെ നമ്മുടെയിടയിൽ കണ്ടെത്തുവാൻ നമുക്ക് കഴിയും. ജീവിതത്തിന്റെ വീഴ്ചകളിൽ വീണുകിടക്കുന്ന അവന്റെ മുറിവിൽ സ്നേഹത്തിന്റെ തൈലം പൂശി കരുണയുടെ കരസ്പർശവുമേകി പ്രതീക്ഷയുടെ പുലരിയിലേക്ക് നയിക്കുവാൻ നാമൊക്കെയും ബാധ്യസ്ഥരാണ്. നാം ആയിരിക്കുന്ന ഇടങ്ങളിൽ ഒക്കെയും തിരിച്ചൊന്നും പ്രതീക്ഷിക്കാത്ത നിർമലസ്നേഹം അത് അർഹിക്കുന്നവന് പകർന്നുനല്കുവാൻ നമുക്കോരുത്തർക്കും പരിശ്രമിക്കാം. അങ്ങനെ നാം ലക്ഷ്യം വയ്ക്കുന്ന ആ നല്ല സമറായന്റെ ജീവിതശൈലി നമുക്കും സ്വന്തമാക്കാം. അപരന്റെ വേദനകളെ നെഞ്ചേറ്റുവാങ്ങിയ അനേകം വിശുദ്ധ ജീവിതങ്ങൾ നമുക്ക് മാതൃകയായി തീരട്ടെ. അളവില്ലാത്ത ക്രിസ്തുസ്നേഹം നമ്മിൽ ഓരോരുത്തരിൽനിന്നും അനുസ്യൂതം ഒഴുകട്ടെ എന്ന പ്രാർത്ഥനയോടെ...

സ്നേഹപൂർവ്വം
റിജോ മണിമല
എഡിറ്റർ



# പങ്കുവയ്ക്കാം പരസ്നേഹം... പങ്കാളിയാകാം ക്രൂശിതന്റെ വഴിയിൽ...

"നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാരും അതുമൂലം അറിയും."(യോഹ 13:35) ക്രിസ്തുവിന്റെ ശിഷ്യരാകാൻ പ്രത്യേക ദൗത്യം ലഭിച്ചിരിക്കുന്നവരാണല്ലോ നാമെല്ലാവരും. വചനത്തിലൂടെ അവൻ വ്യക്തമാക്കുന്നു, "നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ ഞാനും നിങ്ങളും ക്രിസ്തുവിന്റെ ശിഷ്യന്മാരാണെന്ന് മറ്റുള്ളവർ അറിയും." ക്രിസ്തുവിന്റെ ശിഷ്യന്മാരാണെന്ന് അഭിമാനം കൊള്ളുന്ന നമുക്ക് ചിന്തിക്കാം. മറ്റുള്ളവരോട് എപ്രകാരമാണ് നാം സ്നേഹം പ്രകടിപ്പിക്കുകയും പകർന്നു കൊടുക്കുകയും ചെയ്യുന്നത്. പരസ്പരം സ്നേഹിക്കാൻ നമുക്ക് ലഭിച്ചിരിക്കുന്ന സമ്മാനമാണ് നമ്മുടെ ജീസസ് യൂത്ത് മുന്നേറ്റം. യേശുനാഥൻ പകർന്നു തന്ന കാപട്യമില്ലാത്ത, നിഷ്കളങ്കമായ സ്നേഹം പരസ്പരം പങ്കുവച്ച് കൊണ്ട് ഒരു കുടുംബമെന്ന പോലെ നാം ഈ കൂട്ടായ്മയിലൂടെ മുന്നേറുന്നു.

ജീസസ് യൂത്ത് കൂട്ടായ്മയിലേയും തങ്ങളുടെ ചുറ്റുപാടുമുള്ള സഹോദരങ്ങളോടും സ്വാർത്ഥതാൽപര്യങ്ങളില്ലാതെ, തങ്ങൾക്ക് എന്തെങ്കിലും അവരിൽ നിന്ന് ലഭിക്കുമെന്ന് പ്രത്യാശവെക്കാതെ സ്നേഹം പങ്കുവയ്ക്കുന്ന ഒരുപാട് വ്യക്തികളെ കൂട്ടായ്മയിൽ കാണാൻ സാധിക്കും. പ്രിയപ്പെട്ട സുഹൃത്തേ, യേശു നമ്മളെ സ്നേഹിച്ചതുപോലെ തന്നെ നാം പരസ്പരം സ്നേഹിക്കണം. ക്രിസ്തു എന്നെ എപ്രകാരം സ്നേഹിച്ചു എന്ന തിരിച്ചറിവു ലഭിക്കുന്നവർ പരസ്പരം സ്നേഹിക്കാൻ നിർബന്ധിതരാകും. കോൺവെന്റിന്റെ സുരക്ഷിതത്വത്തിന്റെ മതിൽക്കെട്ടുകൾ ഉപേക്ഷിച്ച് പാവപ്പെട്ടവരുടെയും അഗതികളുടേയും അനാഥരുടേയും രോഗികളുടേയും ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധ മദർ തെരേസയ്ക്കു പ്രചോദനമായത് ദൈവസ്നേഹമാണ്. താൻ അനുഭവിച്ചറിയുന്ന ദൈവസ്നേഹം മറ്റുള്ളവർക്ക് ഇതെല്ലാം ചെയ്തുകൊടുക്കാൻ എന്നെ നിർബന്ധിക്കുന്നു എന്നാണ് ഇതിനെക്കുറിച്ച് വിശുദ്ധ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ദൈവസ്നേഹത്തിൽ പൂർണ്ണമായും നിറയപ്പെട്ട വ്യക്തികൾക്കു മാത്രമേ മറ്റുള്ളവരെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും സാധിക്കുകയുള്ളൂ. സഭയിലെ എല്ലാ വിശുദ്ധരുടേയും ജീവിതാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നതും അതാണ്. അപ്രകാരം ശിഷ്യത്വത്തിലേക്കുള്ള തങ്ങളുടെ പ്രയാണം വിജയകരമായി പൂർത്തിയാക്കാൻ അവർക്കു സാധിച്ചു.

ഈ നിമിഷം നമുക്ക് വിചിന്തനം നടത്താം. ക്രിസ്തുവിന്റെ ശിഷ്യരായിതീരേണ്ട നമ്മുടെ ജീവിതയാത്രയിൽ നാം ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു. സ്നേഹിതരെ തിരഞ്ഞെടുക്കാനും സ്നേഹം പ്രകടിപ്പിക്കാനും നാം മാനദണ്ഡമാക്കുന്നത് അവരുടെ കഴിവും സമ്പത്തും സൗന്ദര്യവും സ്ഥാനമാനങ്ങളുമാണോ? നമ്മുടെ ചുറ്റുമുള്ളവരെ നിസ്വാർത്ഥമായി സ്നേഹിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തിപരമായി, പരിധികളില്ലാതെ നമ്മെയോരോരുത്തരേയും സ്നേഹിക്കുന്ന ദൈവത്തെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. മാതാവിന്റെ ഉദരത്തിൽ രൂപം നൽകുന്നതിനു മുൻപേ എന്നെ തിരഞ്ഞെടുത്ത, പെറ്റമ്മ മറന്നാലും എന്നെ ഒരിക്കലും മറക്കാത്ത, ഒരിക്കലും അസ്തമിക്കാത്ത, തന്റെ ഉള്ളംകൈ

യ്യിൽ എന്നെ രേഖപ്പെടുത്തിയിരിക്കുന്ന, പാപം ചെയ്ത് ദൈവസന്നിധിയിൽ നിന്നും അകന്നു പോയ ധൂർത്തപുത്രനെ കാത്തിരിക്കുന്ന പിതാവിന്റേതുപോലെ എന്നേയും കാത്തിരിക്കുന്ന, തന്റെ പാപങ്ങൾക്കു പാപിനിയായ മറിയത്തെ ശിക്ഷിക്കാതെ അവളെ രക്ഷിക്കുന്ന ഈശോനാഥനെപ്പോലെ എന്റെ നിരവധിയായ പാപങ്ങൾക്ക് മാപ്പ് നൽകുകയും ചെയ്യുന്ന എന്റെ കർത്താവിന്റെ സ്നേഹം നാം തിരിച്ചറിയണം.

നമ്മെ ഓരോരുത്തരേയും സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയും (ഉത്പത്തി 1:27), ദൈവമക്കളെന്ന പേരുനൽകി നമ്മെ അനുഗ്രഹിക്കുകയും(1യോഹ 3:1), അവസാനം പാപത്തിന്റെ അടിമത്വത്തിലേക്ക് വീണുപോയ ദൈവജനമായ നാമോരോരുത്തരേയും വീണ്ടെടുക്കുന്നതിനായി തന്റെ ഏകജാതനെ ഈ ലോകത്തിലേക്ക് അയച്ച്(യോഹ 3:16,1യോഹ 3:9) അവിടുത്തെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെടുത്തി. തന്നെ തള്ളിപ്പറഞ്ഞിട്ടും പത്രോസിനെ തന്റെ സഭയുടെ അമരക്കാരനാക്കിയതും, ഒറ്റിക്കൊടുക്കുമെന്ന് അറിഞ്ഞിട്ടും യൂദാസിനെ സ്നേഹിച്ചതും, ഉപേക്ഷിക്കുമെന്ന് അറിയാമായിരുന്നെങ്കിലും ശിഷ്യന്മാരെ കൂടെക്കൂട്ടിയതും ഈശോയുടെ സ്നേഹത്തിന്റെ ഉദാഹരണങ്ങളായിരുന്നു. അവനെ ക്രൂശിക്കുക, അവനെ ക്രൂശിക്കുക എന്ന് പീലാത്തോസിന്റെ മുമ്പിൽ വച്ച് അലറിവിളിച്ച ജനത്തിനും, തന്നെ ദ്രോഹിച്ച് മാരകമായി മുറിവേൽപ്പിച്ച പടയാളികൾക്കും വേണ്ടി കുരിശിൽ കിടന്നുകൊണ്ട് ഇവരോട് ക്ഷമിക്കണമേയെന്ന് പിതാവിനോട് ചങ്കുപൊട്ടി പ്രാർത്ഥിച്ചുകൊണ്ട് ഈശോ ക്ഷമിക്കുന്ന സ്നേഹം കാൽവരിയിലെ കുരിശിൽ വെളിപ്പെടുത്തി. അനുതാപം പ്രകടിപ്പിച്ച നല്ല കള്ളന് സ്വർഗ്ഗം പ്രദാനം ചെയ്ത് സ്നേഹം പ്രകടമാക്കി.

തുടർച്ച... പേജ് 8

## കാർട്ടൂൺ



## വി. എവരിസ്തൂസ് പാപ്പാ (99-107)




ബേസ്ലഹമിൽ നിന്ന് അന്തിയോക്യായിൽ കുടിയേറിപ്പാർത്ത ഒരു യഹൂദന്റെ മകനാണ് എവരിസ്തൂസെന്നു പറയപ്പെടുന്നു. വി. ക്ലെമന്റു മാർപ്പാപ്പായുടെ പിൻഗാമിയായി ഭരണമേറ്റ എവരിസ്തൂസാണ് റോമാനഗരത്തെ ഇടവകകളായി വിഭജിച്ചത്. 25 ഇടവകകൾ രൂപീകരിക്കുകയും ഓരോ ഇടവകയ്ക്കും ഓരോ വൈദീകനെ നിയമിക്കുകയും ചെയ്തു. ഏഴു ഡീക്കന്മാരെക്കൂടി അദ്ദേഹം നിയമിച്ചു. വൈദീകപട്ടം ഡിസംബർ മാസത്തിലാണ് നല്കിയിരുന്നത്. നോമ്പ് കാലത്ത് മെത്രാഭിഷേകം നിർവ്വഹിച്ചിരുന്നു. ഉപവാസ കാലത്ത് പട്ടം കൊടുക്കുന്നത് കൂടുതൽ ഭക്തിജനകമായിരിക്കുമെന്നാണ് അദ്ദേഹം വിചാരിച്ചിരുന്നത്. സോളമൻ ജറുസലേം ദേവാലയ പ്രതിഷ്ടയ്ക്ക് ഉപയോഗിച്ച പ്രാർത്ഥനയ്ക്കു തുല്യമായി ഒരു പ്രാർത്ഥന പള്ളിക്കൂദാശയ്ക്ക് അദ്ദേഹം ഉപയോഗിക്കാൻ തുടങ്ങി. കൂദാശ ക്രമത്തിൽ വി. കുർബ്ബാനകൂടി ഉൾപ്പെടുത്തി. ദീർഘനേരം ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ ദിനചര്യയിൽ പെട്ടതായിരുന്നു. വി. യോഹന്നാൻ ശ്ലീഹായുടെ മരണം എവരിസ്തൂസ് മാർപ്പാപ്പയുടെ കാലത്തായിരിക്കണം സംഭവിച്ചത്.

പ്രാചീന ഗ്രന്ഥകാരന്മാർ എവരിസ്തൂസ് പാപ്പായെ രക്തസാക്ഷിയെന്നാണ് വിളിച്ചിരുന്നത് അപ്പസ്തോലന്മാരുടെ ശിഷ്യർ ഭാവി ജീവിതത്തെപ്പറ്റിയുള്ള ധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകിയിരുന്നതിനാൽ അവർ ഈ ലോകത്തിലുള്ളവരാണെന്നു പോലും തോന്നുമായിരുന്നില്ല.

സഭയോടുള്ള വിശ്വസ്ഥതയും ദിവ്യകാരുണ്യനാഥനോടുള്ള സ്നേഹവും ത്യാഗപൂർവ്വം പുലർത്താൻ വി.എവരിസ്തൂസ് നമുക്ക് പ്രചോദനം നൽകുന്നു.

**ഹൃദ്യസ്ഥമാക്കാൻ ഒരു വചനം**

**"സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ."**

**(കൊളോ. 3:14)**

# സാവൂൾ മുതൽ പൗലോസ് വരെ



ആധുനിക സഭ വളരെയേറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്.സഭയെ തകർക്കുവാൻ അകത്തുനിന്നും പുറത്തുനിന്നും ആക്രമണമുണ്ടായിക്കൊണ്ടിരിക്കുന്നു.സഭയ്ക്കെതിരെയൊ വൈദികർക്കെതിരെയോ ആരോപണം ഉയരുംബോൾ നാം എന്ത് നിലപാടാണ് എടുക്കേണ്ടത്? ആദിമ സഭയെ പീഡിപ്പിക്കാനായി പ്രധാനപുരോഹിതനിൽ നിന്നും അധികാര പത്രവും വാങ്ങി പുറപ്പെട്ട സാവൂളിനോട് ചോദിച്ച അതേ ചോദ്യം സഭയ്ക്കെതിരെ മുറവിളി കൂട്ടുന്നവരെ നോക്കി ഈശോ ചോദിക്കുന്നു.നീ എന്നെ പീഡിപ്പിക്കുന്നതെന്തു കൊണ്ട്? ഇരുമ്പാണിമേൽ തൊഴിക്കുന്നത് നിനക്ക് അപകടമാണ്. നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ(അപ്പ. പ്രവർ 26:1415). കത്തോലിക്കാസഭ ക്രിസ്തു തന്നെയാണ് എന്ന് തിരിച്ചറിഞ്ഞ  സാവൂൾ സഭയുടെ തീക്ഷണമതിയായ അപ്പസ്തോലനായ പൗലോസ് ആയിമാറി.

സഭയിൽ വൈദികർക്കോ സന്യസ്തർക്കോ തെറ്റ് പറ്റുബോഴും സഭാ സംവിധാനങ്ങളിൽ പിഴവുകൾ ഉണ്ടാവുബോഴും നാം സഭയ്ക്കെതിരെ ആഞ്ഞടിക്കുബോൾ വേദനിക്കുന്നത് ക്രിസ്തു തന്നെയാണ് എന്ന തിരിച്ചറിവിലാവണം നമ്മുടെ ഓരോ പ്രതികരണങ്ങളും നിലപാടുകളും.

സഭ എന്നുള്ളത് കേവലം വൈദികരും അൽമായരും ചേർന്നൊരു സംഘടന മാത്രമായി കരുതുന്നതു കൊണ്ടും ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിൽ ക്രൂശിതന്റെ സജീവസാന്നിദ്ധ്യം അനുഭവിക്കാൻ സാധിക്കാത്തതുകൊണ്ടുമാണ് ചിലരെങ്കിലും സഭാവിരുധ നിലപാടുകൾ സ്വീകരിക്കുന്നത്.

മരണവേദനയാൽ കുരിശിൽ കിടന്ന് പിടഞ്ഞ യേശുവിന്റെ നെഞ്ചിൽ പടയാളികളിൽ ഒരുവൻ (ലൊങ്കീനൂസ്) കുന്തത്താൽ കുത്തി. അവിടെ നിന്ന് പുറപ്പെട്ട രക്തവും വെള്ളവും അന്ധനായ ലൊങ്കീനൂസിന്റെ കണ്ണുകളെ സൗഖ്യപ്പെടുത്തി എന്ന് പാരമ്ബര്യം. അഭിനവ ലൊങ്കീനൂസുമാർ സഭയുടെ മാറിടം കുത്തിപ്പിളർത്തുമ്ബോൾ സഭാവിരുദ്ധരോടും പീഡിപ്പിക്കുന്നവരോടും എന്തായിരിക്കണം നമ്മുടെ നിലപാട് എന്ന് ക്രിസ്തു നമ്മെ പഠിപ്പികികുന്നു. ലൊങ്കീനൂസിന്റെ പിൻഗാമികൾ ആത്മീയാന്ധത ബാധിച്ച കണ്ണുകൾ സൗഖ്യംപ്രാപിച്ച് പൗലോസിനെപ്പോലെ ക്രിസ്തുവിന്റെ പടയാളിയായിത്തീരുവാനും നമുക്ക് പ്രാർത്ഥിക്കാം.

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**357.നിരീശ്വരവാദം എപ്പോഴും ഒന്നാം കല്പനയ്ക്ക് എതിരായ പാപമാണോ?**

ദൈവത്തെപ്പറ്റി ഒന്നും പഠിച്ചിട്ടില്ലാത്ത വ്യക്തിയെ സംബന്ധിച്ചിടത്തോളം നിരീശ്വരത്വം ഒരു പാപമല്ല. ദൈവാസ്തിത്വത്തെക്കുറിച്ചു പരിശോധന നടത്തുകയും മനസ്സാക്ഷി പ്രകാരം വിശ്വസിക്കാൻ കഴിയാതെ വരുകയും ചെയ്തവനെ സംബന്ധിച്ചും അതു പാപമല്ല. (2127-2128)

വിശ്വസിക്കാൻ കഴിയാതിരിക്കുകയെന്നതും വിശ്വസിക്കാൻ മനസ്സില്ലാതിരിക്കുകയെന്നതും തമ്മിലുള്ള അതിർരേഖ വ്യക്തമല്ല. വിശ്വാസം കൂടുതൽ അടുത്തു പരിശോധിക്കാതെ അത് അപ്രധാനമായി വെറുതെ കരുതുന്ന മനോഭാവം മിക്കപ്പോഴും പരിചിന്തന ഫലമായുണ്ടാകുന്ന നിരീശ്വരവാദത്തേക്കാൾ മോശമാണ്.

*ലേഖനം തുടർച്ച... പേജ് 5*

ദൈവമക്കളായ നമ്മോടുള്ള സ്നേഹത്തിന്റെ പൂർത്തീകരണമാണ് കുരിശുമരണത്തിലൂടെ അവിടുന്ന് പ്രകടമാക്കിയത്. സ്നേഹം പ്രകടമാക്കേണ്ടത് വാക്കിലൂടെ മാത്രമല്ല പ്രവർത്തിയിലൂടെയുമാണെന്ന് അവിടുന്ന് നമുക്ക് കാണിച്ചുതന്നു. ഓരോ വ്യക്തിയിലും നിറയപ്പെടേണ്ടത് കാപട്യമില്ലാത്ത, വഞ്ചനയില്ലാത്ത, നിഷ്കളങ്കമായ ശത്രുക്കളോടുപോലും ക്ഷമിക്കുന്ന ഈശോനാഥന്റെ സ്നേഹമാണ്. പ്രിയസഹോദരങ്ങളെ മറ്റുള്ളവരോട് ക്ഷമിക്കാൻ കഴിയാതെ വരുമ്പോൾ, ലഭിക്കുന്ന സ്നേഹം കുറഞ്ഞുപോയി എന്ന തോന്നലുകൾ ഉണ്ടാകുമ്പോൾ, ജീവിതത്തിൽ തനിച്ചാകുമ്പോൾ, മറ്റാരും സഹായമില്ലാതെ വരുമ്പോൾ ദുഖത്തിന്റെയും അപമാനത്തിന്റെയും പീഡനകളുടേയും നടുവിൽ നിന്റേയും എന്റേയും കണ്ണുകൾ കാൽവരിയിലെ കുരിശിലെ ഈശോയിലേക്ക് ഉയരണം. നീതിമാനായിരുന്നിട്ടും പാപികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടതും, പരിഹാസനത്തിനും, നിന്ദനത്തിനും, അപമാനത്തിനും വിധേയനായതും, പടയാളികളാൽ ക്രൂശിക്കപ്പെട്ടതും, സ്വന്തം അമ്മയുടെ മുമ്പിൽ നഗ്നനാക്കപ്പെട്ട് അവസാനം ക്രൂശിൽ തറയ്ക്കപ്പെട്ട് രക്തം വാർന്ന് പിടഞ്ഞ് പിടഞ്ഞ് മരിച്ചതു നമ്മോടുള്ള സ്നേഹത്തെപ്രതിയാണ്. ഓരോ ദിവ്യബലിയിലൂടേയും കാൽവരിയിലെ ആ അവസാനിക്കാത്ത സ്നേഹം നമ്മിലേക്ക് ഒഴുകി കൊണ്ടിരിക്കുന്നു. നമ്മോടുള്ള സ്നേഹത്താൽ ദിവ്യകാരുണ്യമായി നമ്മെയും കാത്ത് ഓരോ അൾത്താരയിലും വസിക്കുന്ന ഈശോനാഥൻ. മകനേ, മകളേ, എനിക്ക് ആരേയും സ്നേഹിക്കാൻ പറ്റുന്നില്ലെന്ന് ഇനി നിനക്ക് എങ്ങനെ പറയാൻ കഴിയും ?

ക്രൂശിതൻ നൽകിയ സ്നേഹത്തിന്റെ മാതൃക നമ്മുടെ സഹോദരങ്ങളിലേക്കും നമുക്ക് പകർന്നു കൊടുക്കാം. ക്രിസ്തുനാഥൻ നമ്മെ സ്നേഹിച്ചതുപോലെ നമുക്കും പരസ്പരം സ്നേഹിച്ചുകൊണ്ട് അവന്റെ ശിഷ്യത്വത്തിലേക്ക് വളരാം. ക്രിസ്തുശിഷ്യർ എന്ന പദവിയിൽ പരസ്പരം സ്നേഹിച്ചുകൊണ്ട് നമുക്ക് മുന്നേറാൻ സാധിക്കട്ടെ. ജീസസ് യൂത്ത് കൂട്ടായ്മയിലൂടെ ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും ഗ്രഹിക്കാനും അതിൽ വളരുവാനും മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കാനും നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

## ഇറ്റാലിയൻ സന്യാസിനി ക്ലേലിയ മെർലോണി വാഴ്ത്തപ്പെട്ട പദവിയിൽ



റോം: യേശുവിന്റെ തിരുഹൃദയത്തിന്റെ പ്രേഷിത സഹോദരികൾ എന്ന സന്യാസിനി സമൂഹത്തിന്റെ സ്ഥാപക ക്ലേലിയ മെർലോണി വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടു. റോം രൂപതയുടെ ഭദ്രാസന ദേവാലയമായ വിശുദ്ധ ജോൺ ലാറ്റൻ ബസിലിക്കയിൽ വച്ച് ശനിയാഴ്ച്ച (03/11/18) രാവിലെ ആയിരുന്നു വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപന തിരുക്കർമ്മം. വിശുദ്ധരുടെ നാമകരണ നടപടികൾക്കായുള്ള സംഘത്തിന്റെ അധ്യക്ഷൻ കർദിനാൾ ജൊവാന്നി ആഞ്ചലോ ബെച്ചു തിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## ഞായറാഴ്ച്ചയാചരണം നിത്യജീവനിലേക്ക് അടുപ്പിക്കും

**മാർ ജോസഫ് സ്രാമ്പിക്കൽ**



ചെൽട്ടൻഹാം: ഓരോ ഞായറാഴ്ച്ച ആചരണവും നമ്മെ നിത്യജീവനിലേക്കു അടുപ്പിക്കുന്നുവെന്ന് ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ ബിഷപ്പ് മാർ ജോസഫ് സ്രാമ്പിക്കൽ. ബ്രിസ്റ്റോൾകാർഡിഫ് റീജ്യണിലെ അഭിഷേകാഗ്നി കൺവെൻഷനിൽ അർപ്പിച്ച ദിവ്യബലിയിൽ സന്ദേശം പങ്കുവെക്കുകയായിരുന്നു അദ്ദേഹം. ഓരോ വിശുദ്ധ കുർബാനയിലും വിശുദ്ധ ഗ്രന്ഥം ഗ്രഹിക്കാൻ തക്കവണ്ണം കർത്താവ് മനസ്സ് തുറക്കുവാൻ ഓരോരുത്തരും പ്രാർത്ഥിക്കണം. ഈശോയുടെ സ്വരം കേൾക്കുകയും അതിനനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവർക്കാണ് നിത്യജീവൻ ലഭിക്കുന്നത്. പരിശുദ്ധ അമ്മയെപ്പോലെ 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറയുന്നവരാണ് സ്വർഗീയ ജെറുസലേമിൽ പ്രവേശിക്കുന്നതെന്നും മാർ സ്രാമ്പിക്കൽ കൂട്ടിച്ചേർത്തു.

## പ്രാർത്ഥനാ സഹായം

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ് : info@thoolikaa.net എന്നതിലേക്ക് അയക്കുക.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm
(children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am,
12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am,
12 noon & 7:00 pm

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721

ഫോർമേഷൻ - ഷാരോൺ 052 160 3818

*(LSS, Philip Course & Paul Course)*

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

You are rewarded
not according to
your work or your time,
*but according to
the measure of
your love*

St. Catherine of Siena






Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Anil V.Antony
**Editor** : Rijo Manimala **Cover** : Rinto Varghese and Stephy Ouseph
**E-mail** : info@thoolikaa.net **Web** : http://thoolikaa.net